**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **06-12-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. വി.എന്‍ വാസവന്‍ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | റിസര്‍വ്ബാങ്ക് കേരള ബാങ്കിന് ഏതെങ്കിലും തരത്തിലുള്ള പിഴ ചുമത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള രണ്ട് വ്യവസ്ഥകൾ പാലിക്കാത്തതിന് കേരള സംസ്ഥാന സഹകരണ ബാങ്കിന് റിസർവ് ബാങ്ക് 48 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്. ടി തുക റിസർവ് ബാങ്കിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| (ബി) | എങ്കില്‍ എത്ര രൂപയാണ് പിഴയായി ഒടുക്കാന്‍ ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത തുക ഒടുക്കിയിട്ടുണ്ടോ;അറിയിക്കുമോ; | (ബി) | റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള രണ്ട് വ്യവസ്ഥകൾ പാലിക്കാത്തതിന് കേരള സംസ്ഥാന സഹകരണ ബാങ്കിന് റിസർവ് ബാങ്ക് 48 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ട്. ടി തുക റിസർവ് ബാങ്കിലേക്ക് ഒടുക്കിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം വ്യവസ്ഥകള്‍ പാലിക്കാത്തതിനാണ് റിസര്‍വ് ബാങ്ക് പിഴ ചുമത്തിയത്;റിസര്‍വ്ബാങ്ക് ചൂണ്ടിക്കാട്ടിയ ന്യൂനതകള്‍ ബാങ്ക് പരിഹരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | 2018-19 സാമ്പത്തിക വർഷത്തിൽ ബുള്ളറ്റ് റീ പേയ്മെന്റ് ഓപ്ഷനിലൂടെ (ഒറ്റ തവണയായി തിരിച്ചടക്കാൻ സാധിക്കുന്ന സൗകര്യത്തോടെ) 2 ലക്ഷത്തിലധികം രൂപ കാർഷികേതര സ്വർണപണയ വായ്പായായി വ്യക്തികൾക്ക് നൽകിയതിനും, കേരളാ ബാങ്ക് രൂപീകരണത്തിന് മുമ്പ് ഇതര സഹകരണ സ്ഥാപനങ്ങളിൽ RBI നിഷ്കർഷിച്ചിട്ടുള്ള അനുവദനീയമായ പരിധിയിൽ അധികരിച്ച് മൂലധന നിക്ഷേപം നടത്തിയതിനും ആണ് റിസർവ് ബാങ്ക് പിഴ ചുമത്തിയത്. ഇതിൽ ആദ്യത്തെ ന്യൂനത പരിഹരിച്ചിട്ടുണ്ട്. രണ്ടാമതായി ഉള്ള ന്യൂനത പരിഹരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ